**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4065** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ഉൾപ്പെട്ട ഐക്കരനാട്, കിഴക്കമ്പലം, കുന്നത്തുനാട്, മഴുവന്നൂർ, പൂത്തൃക്ക, തിരുവാണിയൂർ, വടവുകോട് പുത്തൻകുരിശ്, വാഴക്കുളം പഞ്ചായത്തുകളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉറവിടത്തിൽ തന്നെ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റുകളും, ബയോകമ്പോസ്റ്റർബിന്നുകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പോസ്റ്റ് പിറ്റുകളും നിർമ്മിച്ച് നൽകിയിട്ടുണ്ട്. വൃത്തിയാക്കിയ അജൈവ ഖരമാലിന്യങ്ങൾ ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിച്ച് ശേഖരിക്കുകയും, തരംതിരിച്ച് പുന:ചംക്രമണം നടത്തുന്ന സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്യുന്നുണ്ട്. |
| (ബി) | ടി മണ്ഡലത്തിൽ എത്ര വീട്ടുകളിൽ ഉറവിടമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഐക്കരനാട്- 177 വീട്ടുകളിൽ കിഴക്കമ്പലം- 250 വീട്ടുകളിൽ തിരുവാണിയൂർ- 7781 വീട്ടുകളിൽ മഴുവന്നൂർ- 78 വീട്ടുകളിൽ പൂത്തൃക്ക-125 വീട്ടുകളിൽ കുന്നത്തുനാട്-9862 വീട്ടുകളിൽ വടവുകോട് പുത്തൻകുരിശ്-1481 വീട്ടുകളിൽ വാഴക്കുളം-65 വീട്ടുകളിൽ |
| (സി) | മണ്ഡലത്തിൽ ഹരിത കർമ്മസേന രൂപീകരിച്ച പഞ്ചായത്തുകളുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | കുന്നത്തുനാട് മണ്ഡലത്തിൽ ഉൾപ്പെട്ട ഐക്കരനാട്, കിഴക്കമ്പലം, കുന്നത്തുനാട്, മഴുവന്നൂർ, പൂത്തൃക്ക, തിരുവാണിയൂർ, വടവുകോട് പുത്തൻകുരിശ്, വാഴക്കുളം പഞ്ചായത്തുകളിൽ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ